# അക്കാദമിക മാസ്ററർപ്ലാൻ

ST. THOMAS' H.S.S

THOPE, THRISSUR

സെൻറ്തോമസ് എച്ച്.എസ്സ്.എസ്സ് തോപ്പ്, തൃശൂർ-5

☎ 0487 2426949

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. ലക്ഷ്യമിട്ട സ്കൂൾ പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കി വരികയാണ്.വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യമുയർത്തുന്നതിനുള്ള പദ്ധതികൾ എല്ലാ മണ്ഡലത്തിലും ആരംഭിച്ചു തുടങ്ങിയിരിക്കുന്നു. സാമൂഹിക പങ്കാളിത്തത്തോടെ വലിയതോതിൽ വിവിധങ്ങളായ ഇടപെടലുകൾ നടത്തുന്നു. ജൈവവൈവിധ്യ ഉദ്യാനം,ഹൈടെക് വിദ്യാഭ്യാസം,ക്ലാസ് ലൈബ്രറി,ഗുണനിലവാരമുയർത്തുന്നതിനായി ആവിഷ്ക്കരിച്ച ഭാഷാപ്രവർത്തനങ്ങൾ എന്നിവ വിദ്യാലയത്തിൽ ആരംഭിച്ചു.നല്ല വായന, നല്ല പഠനം, നല്ല ജീവിതം എന്ന പരിപാടികൾക്ക് സമൂഹ ശ്രദ്ധ ലഭിച്ചു കൊണ്ടിരിക്കുന്നു. അക്കാദമിക വിഭവ വിനിയോഗം,സാങ്കേതിക വിദ്യയുടെ ഉപയോഗം,വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| സ്കൂൾ ചരിത്രം | | |
| വിദ്യാലയം മികവിന്റെ കേന്ദ്രം | - | കാഴ്ചപ്പാട് |
| വിദ്യാലയം | - | ലക്ഷ്യങ്ങൾ |
| അവസ്ഥാ പഠനം | - | അക്കാദമികം |
| | | ഭൗതികം |
| | | സാമൂഹികം |
| വിഷയമേഖലകൾ | - | യു.പി.വിഭാഗം |
| | | ഹൈസ്കൂൾ വിഭാഗം |
| കലണ്ടർ | - | |
| മോണിറ്ററിംങ് | - | |
| ഉപസംഹാരം | - | |

# സ്കൂൾ ചരിത്രം

തൃശൂർ അതിരൂപത കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ ലൂർദ്ദ് മെത്രോപോളിറ്റൻ ദേവാലയത്തിന്റെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങിക്കൊണ്ട് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ പ്രവർത്തിക്കുന്നു. 16 അധ്യാപകരും 4 അനധ്യാപകരും 276വിദ്യാർത്ഥികളുമുള്ള ഈ സരസ്വതി ക്ഷേത്രം ഒരു മാതൃകാ വിദ്യാലയത്തിന്റെ പ്രൗഢിയോടെ പട്ടണത്തിന്റെ ശബ്ദായ മാനതയിൽ നിന്നകന്ന് തലയുയർത്തി നിലനില്ക്കുകയാണ്. കുട്ടികളുടെ അച്ചടക്കത്തിലും സ്വഭാവരൂപീകരണത്തിലും സർവ്വോപരി സർവ്വതോമുഖമായ വളർച്ചയിലും ലക്ഷ്യം വച്ചു നീങ്ങുന്ന ഈ വിദ്യാലയത്തിൽ എല്ലാം കൊണ്ടും പഠനത്തിന് യോജിച്ച അന്തരീക്ഷമാണ്.

എസ്.എസ്.എൽ.സി.പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന വിജയം നേടുവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. പഠനരംഗത്ത് മാത്രമല്ല കലാകായിക മേളയിൽ നിരവധി തവണ അഗ്രിഗേറ്റ് ട്രോഫി നേടിയിട്ടുണ്ട്. കലാരംഗത്തും ധാരാളം പ്രതിഭകളുണ്ട് പ്രത്യേകിച്ച് ചിത്രകലാരംഗത്ത് മികച്ച വിജയം നേടിയവരുമുണ്ട് ഇവിടെ. കുട്ടികളിൽ സനാതനവും അധ്യാത്മികവുമായ മൂല്യങ്ങൾ വളർത്തിയെടുക്കാൻ കത്തോലിക്ക വിദ്യാർത്ഥികൾക്ക് വേദപാഠവും അകത്തോലിക്ക വിദ്യാർത്ഥികൾക്ക് സന്മാർഗ്ഗവും പഠിപ്പിക്കുന്നു. ഇതിനു പുറമെ ബോധവൽക്കരണ ക്ലാസ്സുകൾ കൗൺസലിങ് തുടങ്ങിയവ നടത്തുന്നുണ്ട്.വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്ന പി.ടി.എ. ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്. സ്കൂളിന്റെ എല്ലാ പുരോഗതിക്കും നിർമാണ പ്രവർത്തനത്തിനും അച്ചടക്കത്തിനും പി.ടി.എ.യുടെ അംഗങ്ങളും സദാ സന്നദ്ധരാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒ.ബി.എ സ്കൂളിലുണ്ട്. മിടുക്കൻമാരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ ധാരാളം എൻഡോവ്മെന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ദൃശ്യശ്രാവ്യമാധ്യമങ്ങൾ പഠനത്തിൽ ഉപയോഗപ്പെടുത്തുവാൻ സ്കൂളിൽ ഒരു സ്മാർട്ട് റും ഹൈ–ടെക് ക്ലാസ്സ് മുറികളും സജ്ജമാക്കിയിരിക്കുന്നു

തൃശൂർ സെന്റ് തോമസ് കോളേജ് സ്കൂളിന്റെ ശാഖയായിരുന്ന ഈ സ്കൂൾ 1982 ജനുവരിയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഹൈസ്കൂളായി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. 2000 ആഗസ്റ്റ് മാസത്തോടെ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെടുകയും. 2010 ൽ സൗജന്യ ഉച്ചഭക്ഷണവിതരണം ആരംഭിച്ചു. ഈ വർഷം തന്നെയാണ് N C C യൂണിറ്റ് ആരംഭിച്ചത്. തുടർ വർഷങ്ങളിൽ S P C, J R C തുടങ്ങിയ യൂണിറ്റുകൾ ആരംഭിച്ചു.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

വിദ്യാഭ്യാസം ഔദാര്യമല്ല,അവകാശമാണ്. സമൂഹത്തിന്റെ മാറ്റങ്ങളും സാധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. വ്യത്യസ്തമായ ആശയങ്ങളും നിലപാടുകളും പ്രവർത്തന പദ്ധതികളും വിദ്യാഭ്യാസ മേഖലയിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. പുരോഗമനപരമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ വിമർശനാത്മകമായി പരിശോധിക്കപ്പെടുകയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുമ്പോഴാണ് നമ്മുടെ ധാരണകൾക്ക് ശക്തി പകർന്നുകൊണ്ട് കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നോട്ട് കുതിച്ച് വിദ്യാഭ്യാസം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിലേക്ക് നമ്മൾ എത്തിച്ചേരുന്നത്.

എല്ലാ ക്ലാസ്സ് മുറികളിലും എൽ.ഇ.ഡി.ടി.വി.എല്ലാ ടേമിലും സ്വന്തം പത്രം,ലാംഗ്വേജ് ലാബ്.ഓരോ ക്ലാസ് മുറിയിലും ഡിക്ഷ്നറി, അറ്റ്ലസ്, കുടിവെള്ളം, ഉച്ചഭക്ഷണം, സ്റ്റീൽ പാത്രവിതരണം, നവീകരിച്ച ക്ലാസ്മുറി, വൃത്തിയുള്ള ടോയ്‌ലറ്റ്, ഓരോ ക്ലാസിലേയും 10% കുട്ടികൾക്ക് കൂടിയിരുന്നു പ്രവർത്തനങ്ങൾ ചെയ്യാനുള്ള സൗകര്യം തുടങ്ങിയവ നടപ്പിലാക്കാൻ പ്ലാൻ ചെയ്തിരിക്കുന്നു. ദൃശ്യശ്രാവ്യമാധ്യമങ്ങൾ പഠനത്തിൽ ഉപയോഗപ്പെടുത്തുവാൻ സ്കൂളിൽ ഹൈ–ടെക് ക്ലാസ്സ് റൂമുകൾ സജ്ജമാക്കിയിരിക്കുന്നു. 2025 ആകുമ്പോഴേക്കും എല്ലാ ക്ലാസ്മുറിയിലും ഹൈ–ടെക് സംവിധാനം കൊണ്ടുവരണമെന്നാണ് പ്ലാൻ ചെയ്തിട്ടുള്ളത്.

തൃശൂർ സെന്റ് തോമസ് കോളേജ് സ്കൂളിന്റെ ശാഖയായിരുന്ന ഈ സ്കൂൾ 1982 ജനുവരിയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു ഹൈസ്കൂളായി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. 2000 ആഗസ്റ്റ് മാസത്തോടെ +1 തുടങ്ങുകയും ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. 2010 ൽ സ്കൂളിൽ സൗജന്യ ഉച്ചഭക്ഷണ വിതരണം ആരംഭിച്ചു. ആ വർഷം പുതിയതായി എൻ.സി.സി. [illegible] യൂണിറ്റുകൾ സ്കൂളിൽ തുടങ്ങി. S P C,Junior Red Cross കൂടി ഇന്ന് വളരെ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. പരിസ്ഥിതി മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സ്കൂൾ കാമ്പസ്,ജൈവവൈവിധ്യ പാർക്കും ഞങ്ങളുടെ വിദ്യാലയത്തിലുണ്ട്. മാതൃഭാഷയായ മലയാള ഭാഷയുടെ പുരോഗതിക്കും വിദ്യാർത്ഥികൾക്ക് മലയാളം എളുപ്പമാക്കുന്നതിനും മലർവാടി ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നു. പൊതുവിദ്യാലയങ്ങൾ നന്മയുടെ തുടക്കങ്ങളാക്കി മാറ്റിക്കൊണ്ട് C W S N വിദ്യാർത്ഥികളായ സ്കൂളിലെ കുട്ടികൾക്കായി പ്രത്യേക പരിപാടികളും ഞങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇതുവഴി പൊതുവിദ്യാലയങ്ങളുടെ സാമൂഹ്യ സ്വീകാര്യത ഉറപ്പുവരുത്തുന്നതിനും ഇടയാകുന്നതാണ്.

എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠന ബോധനം ഞങ്ങളുടെ വിദ്യാലയം ഉന്നം വയ്ക്കുന്നു. വിദ്യാഭ്യാസ സെമിനാർ, ശില്പശാലകൾ, അഭിമുഖങ്ങൾ, ശാസ്ത്രക്ലാസ്സുകൾ, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, ശുചിത്വമുള്ള ക്യാമ്പസ്, ജൈവവൈവിധ്യ ഉദ്യാനം, പോഷകഗുണമുള്ള ഭക്ഷണം എല്ലാ കുട്ടികൾക്കും വിതരണം ചെയ്യൽ, ശാസ്ത്രസംഗീത പഠനം, കീ ബോർഡ് ക്ലാസ്സുകൾ, നീന്തൽ പരിശീലനം ,മികച്ച റസ്ലിംഗ് ക്ലബ്, പ്രവർത്തിപരിചയമേളയിലേക്ക് പ്രത്യേക ക്ലാസ്സുകൾ, കാരുണ്യപ്രവർത്തനങ്ങൾ, പഠന യാത്രകൾ ക്ലാസ് തിരിച്ച്, എല്ലാ വിദ്യാർത്ഥികളുടേയും ഭവന സന്ദർശനം, പ്രത്യേക പരിഗണന വേണ്ട വിദ്യാർത്ഥികൾക്ക് വേണ്ടി പരിശീലന ക്ലാസ്സുകൾ, കൗൺസലിംഗ് ക്ലാസുകൾ തുടങ്ങിയവ ഈ വർഷം ഞങ്ങളുടെ വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളാണ്. വരും വർഷങ്ങളിലും ഇവ തുടർന്നു കൊണ്ടുപോകും .ഇതിനു വേണ്ട വിഭവങ്ങൾ മാനേജ്മെന്റിന്റെ സഹായവും ,പി.ടി.എ യുടെയും സഹായം തേടുന്നു.

## ലക്ഷ്യങ്ങൾ

അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു അക്കാദമിക ആസൂത്രണ രേഖയാണല്ലോ.എല്ലാ കുട്ടികളും ഉയർന്ന വായനശേഷികൾ കൈവരിക്കുന്നതിന് അവസരങ്ങൾ ഉണ്ടാക്കുവാനും വായനാനുഭവങ്ങൾ പങ്കിടുകയും വ്യത്യസ്ത രീതികളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നതുവഴി പഠനത്തിന്റെ ആഴം വർധിപ്പിക്കുവാനും സാധിക്കും. അതത് ക്ലാസിൽകുട്ടി ഉറപ്പാക്കേണ്ട പഠനശേഷികൾ ഉറപ്പാക്കുക സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക,മൂന്നു ഭാഷകളിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക,ക്ലാസ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക,രചനാപരമായ കഴിവ് വളർത്തുക,പത്രക്വിസ് എല്ലാ മാസവും നടത്തുക,സ്കൂൾ പാർലമെന്റ് പ്രവർത്തനം ശക്തി കൂട്ടുക,ജന്മദിന പുസ്തകം നടപ്പിലാക്കുക,ക്ലാസ് പി.ടി.എയിൽ പുസ്തക പരിചയം,ദിനാചരണ വായനകൾ,ഗണിതം ശാസ്ത്രം,ലാബ് നവീകരണം,ഗണിതം മധുരം നടപ്പിലാക്കുക,കൃഷിയിടങ്ങൾ,സമൂഹത്തിലെ പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ തുടങ്ങിയവയാണ് ഊന്നൽ നൽകുന്ന ലക്ഷ്യങ്ങൾ.

സ്കൂളിലെ എല്ലാ ക്ലാസ് മുറിയിലും C C T V സ്ഥാപിക്കൽ,എല്ലാ ക്ലാസ് റൂമും ഹൈടെക് ആക്കുക,ധാരാളം പുസ്തകങ്ങളുള്ള ലൈബ്രറി,ശുചിത്വ വിദ്യാലയം, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക, വാട്ടർ റീ ചാർജിങ് സംവിധാനമുണ്ടാക്കുക ധാരാളം ചെടികളും ഔഷധസസ്യങ്ങളുമുള്ള ക്യാമ്പസ് എന്നിവ ഈ വിദ്യാലയത്തിന്റെ സ്വപ്നമാണ്.ഇത് സാക്ഷാത്കരിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്.സ്കൂൾ മാനേജ്മെന്റ് P T A,O B A,M L A എന്നിവരുടെ പിന്തുണ പ്രതീക്ഷിക്കുന്നു.

## അവസ്ഥാപഠനം – അക്കാദമികം,ഭൗതികം, സാമൂഹികം

### അക്കാദമികം

സബ്ജക്ട് കൗൺസിൽ ആഴ്ചയിൽ ഒരു ദിവസം പഠനനിലവാര അവലോകനം, പാഠ്യേതര പ്രവർത്തനങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ, പരിഹാര ബോധന നിർദേശങ്ങൾ നടത്തുന്നു. S R G യോഗം ആഴ്ചയിൽ ഒരു ദിവസം സ്കൂൾ പ്രവർത്തനങ്ങൾ ചർച്ച, വിലയിരുത്തൽ, പ്രവർത്തനങ്ങളുടെ അവലോകനം.വായനമൂല– ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ പുസ്തക വിതരണം

ക്വിസ് മത്സരങ്ങൾ മാസത്തിൽ നടത്തുന്നു. പ്രസംഗ മത്സരം, വായന മത്സരം, പുസ്തക പരിചയം അധ്യാപകരും വിദ്യാർത്ഥികളും, പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം, ലഹരി വിരുദ്ധ സെമിനാറുകൾ,ബോധവത്കരണ ക്ലാസ്സുകൾ.

കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുന്ന ലഘുപരീക്ഷണങ്ങൾ, ക്ലാസ്സുകൾ, I C T സാധ്യത ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, സാഹിത്യകാരന്മാരെസ്കൂൾഅസംബ്ലിയിൽ പരിചയപ്പെടുത്തൽ, കൗൺസലിംഗ് ക്ലാസുകൾ, പഠനപിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം, വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ, നീന്തൽ പരിശീലനം, സംഗീത പരിശീലനം, ഭവന സന്ദർശനം, പഠന പിന്നോക്കം മനസ്സിലാക്കുവാൻ മോട്ടിവേഷൻ ക്ലാസുകൾ ,കലാകായിക പരിശീലന ക്യാമ്പ്, പഠനയാത്രകൾ, ഫീൽഡ് ട്രിപ്പ്, വിദ്യാർത്ഥികളുടെ അഭിരുചിയനുസരിച്ച് പഠനയാത്ര നടത്തുന്നു. വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നു.ഐ.ടി സാധ്യത ഉൾപ്പെടുത്തി പാഠഭാഗങ്ങൾ വിശകലനം ചെയ്യുന്നു.
ശുചിത്വദിനം –മാസത്തിൽ രണ്ടു പ്രാവശ്യം

ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്ര, പ്രവർത്തി പരിചയമേളകൾ സംഘടിപ്പിക്കൽ, ചുമർ പത്രിക, ചിത്രരചനാ മത്സരങ്ങൾ ദിനാചരണവുമായി ബന്ധപ്പെടുത്തി നടത്തുന്നു.

### ഭൗതികം

പ്രവർത്തനയോഗ്യമായ 25 ക്ലാസ്മുറികളുണ്ട്. 11 ടോയ്ലറ്റ്, ചുറ്റുമതിൽ, കിണർ, കളിസ്ഥലം, പാചകപ്പുര തുടങ്ങിയവ നിലവിലുണ്ട്. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ രണ്ട് സ്മാർട്ട് റൂം ഉണ്ട് . പ്രവർത്തനയോഗ്യമായ കംമ്പ്യൂട്ടറും ലാപ്ടോപ്പുമുണ്ട്. L C D Projecter, White board തുടങ്ങിയ സൗകര്യങ്ങൾ ഈ റൂമുകളിലുണ്ട്.

അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയ വികസനസമിതി, പഠനകാര്യങ്ങളിൽ താല്പര്യം കാണിക്കുന്ന രക്ഷാകർതൃസമൂഹം, ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകവൃന്ദം, കായികപരിശീലനത്തിന് വിശാലമായ കളിസ്ഥലം, N C C,S P C,J R C എന്നിവയുടെ സജീവ പ്രവർത്തനം,ലൈബ്രറി പുസ്തകങ്ങൾ വിതരണം.

### സാമൂഹികം

കാരുണ്യപ്രവർത്തനങ്ങൾ,ബോധവത്കരണ ക്ലാസുകൾ മാതാപിതാക്കന്മാർക്ക് നൽകുന്നു. നിർധന കുട്ടികളുടെ പഠനം, ചികിത്സ തുടങ്ങിയവയ്ക്കും ഫണ്ട് കണ്ടെത്തി വിതരണം ചെയ്യുന്നു.
കോർണർ പി.ടി.എ,സഹവാസ ക്യാമ്പുകൾ മാതാപിതാക്കളുടെ പിന്തുണയോടെ. സ്കൂളിലെ മുഴുവൻ കുട്ടികളുടെ ഭവന സന്ദർശനം വഴി അവരുടെ ചുറ്റുപാടുകൾ കണ്ടെത്തി സഹായങ്ങൾ നല്കുന്നു. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു P T A,O B A,Gems of Thope എന്നി സംഘടനകൾ.

ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഭാഷാ പ്രയോഗത്തിലും അവസരോചിതമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരത്തിൽ വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. അക്ഷര ഉറപ്പിക്കൽ വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് | മലയാളം അധ്യാപകർ, SRG | പി.ടി.എ, |
| കുട്ടികളെ മികച്ച വായനക്കാരാക്കുക | എല്ലാ ക്ലാസുകളിലും പത്രം. അസംബ്ലിയിൽ പത്രവായന ക്ലാസുകളിൽ പുസ്തകവായന, ചർച്ച. ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും മാസികകളും ആനുകാലികങ്ങളും പ്രയോജനപ്പെടുത്തി ... | ജൂൺ - നവംബർ വരെ | മലയാളം അധ്യാപകർ, ലൈബ്രേറിയൻ | പി.ടി.എ. O.S.A. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | പുസ്തക കുറിപ്പ് തയ്യാറാക്കൽ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകവായന<br>വായനക്കൂട്ടം<br>വായനവാരാചരണം<br>വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം | | | |
| കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക, സാഹിത്യാഭിരുചി വളർത്തുക | എഴുത്തുകൂട്ടം രൂപീകരണം<br>പതിപ്പ് തയ്യാറാക്കൽ<br>വ്യക്തിഗതരചന, സംഘരചന<br>പുസ്തക ചർച്ച<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം, കവിതാലാപനം എന്നിവയ്ക്ക് അവസരം നല്കുക.<br>കുട്ടികളുടെ സർഗവേദികൾ | ജൂലൈ - ഡിസംബർ. | മലയാളം അധ്യാപകർ, ക്ലാസ് ലീഡർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | സംഘടിപ്പിക്കുക. | | | |
| ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | കുട്ടികളുടെ ചലച്ചിത്രോത്സവ - ആസ്വാദനം സംഘടിപ്പിക്കുക. | ഒക്ടോബർ, നവംബർ. | മലയാളം അധ്യാപകർ | പി.ടി.എ. |
| സംസ്കൃതിയെ അടുത്തറിയാൻ പ്രോത്സാഹിപ്പിക്കുക | വിവിധ വിഷയങ്ങൾ നൽകി പ്രസംഗ മത്സരം നടത്തുക. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ രേഖപ്പെടുത്തുന്നു. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു. | സെപ്റ്റംബർ - ജനുവരി | മലയാളം അധ്യാപകർ, ക്ലാസ് ടീച്ചർ | പി.ടി.എ. |

ഭാഗം സ്കൂൾ - ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) സ്വതന്ത്ര വായനക്ക് സജ്ജരാക്കുക, സ്വന്തമായി എഴുതു വാൻ കുട്ടികളെ പ്രാപ്തരാക്കുക | Picture reading, Simple English Games, News reading, Short story writing, English Assembly News reading competitions | Class room activities, Assembly | PTA Teachers | PTA, Parents |
| 2) ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്തുവാൻ പ്രാപ്തരാക്കുക. | English book reading, English cartoon, English Assembly, Role play | തുടർപ്രവർത്തനം | PTA Teachers | PTA |
| 3) നാടകീകരണം. | പാഠഭാഗങ്ങളിൽ നിന്നുള്ള രംഗങ്ങൾ Skit ആക്കി അവതരിപ്പിക്കുക, കഥാപ്രസംഗം എന്നിവ അവതരിപ്പിക്കുക. | ഒരു ടേമിൽ ഒന്ന്. | PTA Teachers | PTA |
| 4) ഇംഗ്ലീഷിൽ അറിവ് കാരങ്ങൾക്ക് അവസരം നൽകുക | English cinema കളുടെ പ്രദർശനം, ഇംഗ്ലീഷ് കവിതകളുടെ പ്രദർശനം. | Classroom പ്രവർത്തനങ്ങളുടെ കൂടെ | Teachers, SRG | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭവം |
| --- | --- | --- | --- | --- |
| 5) കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ്, ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | Class room activities | Teachers SRG | PTA |
| 6) സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക | സാങ്കേതിക വിദ്യ ഉപയോഗിച്ച് ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ പ്രയോജനപ്പെടുത്തുക. | തുടർ പ്രവർത്തനം. | Teachers SRG | PTA |
| 7) ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക. | വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഇംഗ്ലീഷ് സാഹിത്യ ക്ലാസ്സുകൾ ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക | അക്കാദമിക വർഷത്തിൽ ഒന്ന്. | English club | English club. |

മേഖല - ഹൈസ്കൂൾ - ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ CWSN, Slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം. | ഹിന്ദി അധ്യാപകർ | PTA, management. |
| | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാ പോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാഠങ്ങൾ തയ്യാറാക്കുന്നു. CWSN, Slow learner കുട്ടികളെ അവരുടെ കഴിവിനെ വിലയിരുത്തി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| | ഈ മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം. | ഹിന്ദി അധ്യാപകർ മറ്റ് ഭാഷാ അധ്യാപകർ | |
| | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനം ദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനം ദിന ആവർത്തനം. | പ്രതിദിനം | ഹിന്ദി അധ്യാപകർ | |
| | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം. | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വ... |
|---|---|---|---|---|
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട്. | ഹിന്ദി അധ്യാപകർ. | |
| | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി. | ഹിന്ദി അധ്യാപകർ | |
| | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം. | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>• ഹിന്ദി സിനിമ കാണാനുള്ള അവസരം.<br>• വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം. | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യ ശാ.

ഉദ്ദേശ്യങ്ങൾ: സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ജനകീയമാക്കുവാൻ, ഐ.ടി സാധ്യത പ്രയോജനപ്പെടുത്തുക

(1)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ഭൗതിക ശാസ്ത്ര ബോധം ഉള്ളവരാക്കുക | ഭൂപ്രകൃതി, നദികൾ, തലസ്ഥാനങ്ങൾ എന്നീ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സഹായത്തോടെ memory test നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | PTA |
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിന് അറിവുകൾ നേടിയെടുക്കാൻ സഹായിക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുക. ഇതിനെ പറ്റി സംസാരിക്കുക ക്ലാസ് മുറിയിൽ കുട്ടികളോട് | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | PTA |

പ്രതിമാസ ... ലക്ഷ്യമിട്ടു
ജന്റ് ലമാണുക, ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തുക, ... 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുന്നു. | പ്രമുഖ രാഷ്ട്രീയ നേതാക്കളുടെ പ്രസംഗം ICT സഹായത്തോടെ കേൾക്കുന്നു, വിശകലനം ചെയ്യുന്നു | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ/ അധ്യാപിക | PTA |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവേ മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ, ഡാമുകൾ എന്നിവ സന്ദർശിച്ച് സർവേ നടത്തുക/ റിപ്പോർട്ട് തയ്യാറാക്കുക. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ/ അധ്യാപിക | PTA |
| ആൽബം തയ്യാറാക്കൽ ശേഖരണങ്ങൾ ക്ലാസ് മ്യൂസിയം പ്രദർശിപ്പിക്കുക | ചരിത്ര പ്രധാനമുള്ള വസ്തുക്കൾ, നാണയങ്ങൾ, building - എന്നിവ ശേഖരങ്ങൾ, സ്റ്റാമ്പുകൾ ക്ലാസിൽ പ്രദർശിപ്പിക്കുക. | ജനുവരി | സാമൂഹ്യ ~~[illegible]~~ ശാസ്ത്ര അധ്യാപകൻ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് ടീച്ചർ. | പി.ടി.എ |
| 2. ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | 6 മാസത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചർ | പി.ടി.എ |
| 3. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ഉൾപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ upload ചെയ്യൽ | 3 മാസം | SRG സയൻസ് ടീച്ചർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം. പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | പിടിഎ. |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | പിടിഎ |
| | 3. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | പിടിഎ. |
| 2. ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ് | പിടിഎ. |
| 3. ശാസ്ത്രലാബ് നവീകരണം. ശാസ്ത്ര ലാബിന്റെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ് | |

# അക്കാദമിക മാസ്റ്റർപ്ലാൻ - ജീവശാസ്ത്രം 2024-2025

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക് വർഷം | ഹരിതസേന അംഗങ്ങൾ | PTA |
| ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക് വർഷം. | ജീവശാസ്ത്ര അധ്യാപിക | PTA |
| പൈതൃക് വേൾഡ്, മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | സയൻസ് ലാബ്, ശാസ്ത്രലാബ് എന്നിവ ശാസ്ത്ര വൽക്കരിക്കുന്നു. | അക്കാദമിക് വർഷം | ജീവശാസ്ത്ര അധ്യാപിക, മറ്റു ശാസ്ത്രാധ്യാപകർ | PTA |
| വൈജ്ഞാനിക മേഖലയിൽ സ്ഫുരണം, അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും, പുത്തൻ ഇനങ്ങളും പരിചയപ്പെടുത്തുന്നു. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്, സംസ്ഥാന, ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, എക്സ്പോ മുതലായവയിൽ പങ്കെടുക്കുന്നു. കൃഷി വിദഗ്ധരുമായി സംവദിക്കാൻ അവസരമൊരുക്കുന്നു. | അക്കാദമിക് വർഷം | ശാസ്ത്രാധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തൽ | • പ്രീ ടെസ്റ്റ് ചോദ്യനിർമ്മാണം, പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംങ് തുടങ്ങുന്നു<br>• ആശയ ധാരണകൾ ഉറപ്പിക്കൽ | ജൂൺ, ജൂലൈ | ശാസ്ത്രാധ്യാപകർ | |
| അന്യമായിക്കൊണ്ടിരിക്കുന്ന കാർഷികസംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ കാമ്പസിൽ പഴം-പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം ജൈവവൈവിധ്യ പാർക്ക്<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠപുസ്തക'മായി മാറുന്നു. | ഒരു വർഷം | ജീവ ശാസ്ത്രാധ്യാപകർ | PTA |
| അത്ഭുതക്കണ്ണിലൂടെ കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | • ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ സഹപാഠികൾക്കുമുന്നിൽ കാണിച്ചുകൊടുക്കുവാൻ അവസരം നല്കുന്നു.<br>മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ജീവശാസ്ത്ര അധ്യാപിക | PTA |
| | ക്ലാസുകളിൽ ഒരു പ്രൊജക്ട് കൊടുത്ത് ചെയ്യപ്പെടുത്ത് പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ജീവശാസ്ത്രാധ്യാപിക. | |
| ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | സയൻസ് ലാബ്, ഹൈടെക് ലാബ് എന്നിവ ശാസ്ത്രവത്കരിക്കുന്നു. | അക്കാദമിക വർഷം | ജീവശാസ്ത്ര അധ്യാപിക. | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| 8. ഗണിത മത്സരവേദിയിലേക്ക്: കുട്ടികളിൽ [illegible] കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന്. | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ P.T.A | P.T.A |
| 9. ഗണിതലാബ് | ശിൽപശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്/ജൂൺ. | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ P.T.A | P.T.A |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു PTA നടത്തുന്ന ക്ലാസുകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ H.M. PTA പ്രസിഡണ്ട് | |

# ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ |
| 2. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കി പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. | സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | പരിശീലനം നേടിയ അധ്യാപകർ, LK club. |
| 3. പ്രായോഗിക പരിശീലനം സാധ്യമാക്കുക. സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ച് മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണം നടത്തുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | LK ക്ലബ്ബ് |
| 4. നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം. | IT അധ്യാപകർ LK ക്ലബ്ബ്. |
| 5. സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോ | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ. |

# യു.പി. മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വന്തം വിലയിരുത്തൽ |
|---|---|---|---|---|
| ഭാഷയുടെ വിസ്താരശേഷി വികസനം. പദസമ്പത്ത് വർദ്ധനവും ഭാഷാപരിജ്ഞാനവും ഉണ്ടാക്കുക. | എന്റെ അവധിക്കാലം<br>അവധിക്കാല അനുഭവങ്ങൾ കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ് എന്നിവ എഴുതി അവതരിപ്പിക്കുന്നു. | ജൂൺ | മലയാള അദ്ധ്യാപകൻ | |
| | ഭാഷാ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ഉറപ്പുവരുത്തുന്നു. | ജൂൺ | " | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്.<br>കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂലൈ ഡിസംബർ | " | |
| പഠിതാവിൽ ആസ്വാദനശേഷിയും വായനാശീലവും വളർത്തുക. | വർണ്ണലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുക. | " | " | |

സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. തുടർന്ന് മലയാള പ്രധാനസംഭവങ്ങൾ ഇന്ത്യ, ലോകം, കേരളം എന്ന തരത്തെ ഉൾപ്പെടുത്തി ക്രോഡീകരിക്കുന്നു.

പ്രതികരണം

സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള ആദരമനോഭാവം വളർത്തുകവഴി പ്രതിഭകളുടെ സർഗ്ഗശേഷിയ ഉണർത്തൽ.

സംവാദം

സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാർ വർഷത്തിൽ മറ്റ് എന്നിവരുമായി കുട്ടി സംവദിക്കുന്നു പ്രതിഭകളുടെ സംവാദങ്ങളും സംഘടിപ്പിക്കുന്നു.

[illegible]

## ഇ - കമ്പ്യൂട്ടിംഗ്

മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കും സർഗ്ഗാത്മകശേഷി വളർത്തും

ടീച്ചർ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

| | | | | |
|---|---|---|---|---|
| കലാവാസനക<br>ളെ പരിപോ<br>ഷിപ്പിക്കാൻ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട<br>പോസ്റ്ററുകൾ, ചാർട്ടുകൾ<br>ഉടങ്ങിയവ സ്കൂൾ അസംബ്ലിയിൽ<br>അവതരിപ്പിക്കാൻ അവസരം നൽകുന്നു | അദ്ധ്യാപിക<br>വർഷം | പി.ടി.എ | പി.ടി.എ |
| കുട്ടികളുടെ<br>ആശയവിനിമയ<br>ഇംഗ്ലീഷ് ഭാഷ<br>ശേഷി. ഹിന്ദി<br>ഹം. അറബി<br>മെച്ചപ്പെടുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള പരിപാടി<br>വിവിധ ദിനങ്ങളും ആചാരങ്ങളുമായി<br>ബന്ധപ്പെട്ട പരിപാടികൾ അവതരി<br>പ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ<br>നിന്ന് ലഭിച്ച അറിവ് ആശയം<br>ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | „ | ക്ലാസ് ലീഡർ,<br>സ്കൂൾ ലീഡർ<br>ടീച്ചർ<br>അധ്യാപകർ | വിവിധ ക്ലബ്ബുകൾ<br>പി.ടി.എ |

# UP
# English
# ACADEMIC
# MASTER
# PLAN

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage. listening & Speaking | *Interactive Story telling sessions discussing themes, characters and plots to enhance listening skills | June. | English Teacher | English club |
| Introduce different genres. Enhance Vocabulary Enhance listening Skills | Group discussions and role-plays to improve speaking skills. Vocabulary games & exercises to build word. knowledge | | | |
| To encourage. Reading. Develop basic reading, writing, listening & speaking skills cultivate effective communication skills for various contexts | Interactive Reading Circles<br>*Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels<br>*Each group reads the assigned text together & discusses key elements like plot, characters & themes<br>*Encourge students to take turns reading aloud and share their interpretations & reactions to the text.<br>*After discussions, each group presents a summary or analysis of their assigned text to the class | July | | |

| | | | | |
|---|---|---|---|---|
| To develop. Writing skills introduce grammatical Concepts<br><br>To develop basic grammar<br><br>focus on Sentence struture, punctuation, and grammar<br><br>Expand Vocabulary through reading & interactive. activities. | Guided reading sessions with Comprehension questions.<br>Listening Comprehension exercises Using audio stories<br>Debates and presentations for advanced speaking practise<br>Expanding Vocabulary with context clues from Passage<br>improve Sentence structure.<br>Practise for Simple Creative Writing tasks like descriptive paragraphs, Short Stories, & Simple poetry<br>Projects and research assignments for foster critical thinking<br>Preparing and delivering speeches.<br>Listening to and analysing different media Sources<br><br>Interactive grammar games. Structured grammar lessons with examples and practise exercise. Worksheets on parts of speech, punctuation, and sentence types | August-December<br><br>January-February | English Teacher | English Club |

| | | | | |
|---|---|---|---|---|
| Language games, Puzzles + Activities | Integrate language games and activities to reinforce Vocabulary, grammar and language skills | | Person | Soura |
| Differentation and support | Recognize and accommodate the diverse learning needs of Students through differentiated instruction, including accommodations and modifications for specially abled students and gifted learners | Through out year | | |
| | Provide additional Support and resources Such as Small - group instruction. tutoring, Peer mentoring, and remedial Programs to help struggling student and challenge advanced learners | | | |
| | student's interest and strengthe collaborate. learning support specialists, language. teachers and other support staff to ensure Practises. | | | |
| Assessment and feedback. | Design a range of assessment tasks and tools to measure language proficiency comprehension, writing skills. | | | |

| | Month | Person | Source |
|---|---|---|---|
| Use a Variety of assessment methods like. quizzes, tests, Projects.<br>Provide timely and Constructive feedback to students that highlights their strength, and identifies area for improvement and Suggests stragetees for further development.<br>Identify Learning gaps and Provide resources and tips for parents on how to Support their child's literacy, development at home, including reading strategies, news papers<br>Collaborate with parents to Create English language learning materials, Such as flash cards, games or resource Packs used in class rooms. | Through out year. | English teacher | English club |

മേഖല - യു.പി. - ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 1, എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. | 1, വാക്കുകൾ നിർമ്മാണം, വാക്കുകളിലൂടെ വാക്യങ്ങളുടെ നിർമ്മാണം. | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ | PTA, Teachers. | PTA, management. |
| 2, ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടുത്തൽ അവ സ്വരം നൽകുക | 2, ക്ലാസിൽ അക്ഷരമാല പ്രദർശനം, | | | PTA, HINDI CLUB |
| | 3, ഹിന്ദി സിനിമകളുടെ പ്രദർശനം | ഓണാഘോഷം | | |
| | 4, ഹിന്ദിയിലെ പ്രശസ്തരായ കവികളുടെ പേരുകൾ എഴുതി പോസ്റ്റർ തയ്യാറാക്കുക. | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ | Teachers, SRG. | |
| 3, സ്വന്തമായ വായനക്ക് സജ്ജരാക്കുക. | 5, ഹിന്ദി സംഭാഷണം | | PTA, parents, Teachers. | PTA. Parents. |
| 4, സ്വന്തമായി എഴുത്തിന് സജ്ജരാക്കുക. | 6, കുട്ടികളുടെ ഹിന്ദി നാടകം | | | |

| | | | | |
|---|---|---|---|---|
| 5, വീട് ഒരു പരീക്ഷണശാല കാണ്മാനും, ലോക് ക്ലാസുകളായ പ്രവർത്തനങ്ങളുടെ പോസ്റ്റ് ചിന്തിപ്പി പ്പിക്കുക.<br>ഓരോ കുട്ടിയെയും ഹിന്ദി വായിക്കാൻ പഠിപ്പിക്കുക.<br>6, അധ്യാപകർ ഓരോ കുട്ടിയെയും പ്രോത്സാഹിപ്പിക്കാനും ചോദ്യങ്ങൾ ചോദി ക്കാനും ഉള്ള അവസരങ്ങൾ. | 7, ICT സഹായത്തോടെ പ്രവർത്തനങ്ങളും വായനക്കും പരി ശീലിപ്പിക്കാനുള്ള അവസരം. | ജൂൺ മുതൽ പകുതി വരെ ആഴ്ച | P.TA, Teachers. | PTA, management. |
| 8, ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ | | കിട്ടുന്ന ദിവസങ്ങൾ | Teachers. SRG. | PTA, Hindi club Teachers |
| 9, CWSN കുട്ടികളുടെ ചെറുകഥ, കഴിവുകളും പ്രോത്സാഹിപ്പിക്കാൻ ക്ലാസും നടത്തുക. | | ജൂൺ മുതൽ പകുതി വരെ ആഴ്ച | PTA, Parents & Teachers. | PTA, management Teachers |

# SOCIAL SCIENCE

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|---|
| V | ഗ്രാമത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു. | · ചിത്രരചന<br>· സ്വന്തം ഗ്രാമത്തിന്റെ വീഡിയോ തയ്യാറാക്കൽ | 2 ആഴ്ച | PTA | — |
| | യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ ദുരന്തങ്ങൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നു. | · ചിത്രപ്രദർശനം (മനുഷ്യനിർമിത ദുരന്തങ്ങളും പ്രകൃതി ദുരന്തങ്ങളും) | 2 ആഴ്ച | Social Science Tr | [illegible] |
| | ഗ്രാമ-നഗര പ്രദേശങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു | - ഗ്രാമ-നഗര പ്രദേശങ്ങളുടെ ചിത്രങ്ങളുടെ ശേഖരണം - ആൽബം. | 3 ആഴ്ച | S S Teacher | |
| | സർക്കാരിന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികളെ കുറിച്ച് മനസ്സിലാക്കുന്നു. | - സർക്കാരിന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികൾ പ്രോജക്ട് തയ്യാറാക്കുക. | 3 ആഴ്ച | Social Science club. | — |
| | കേരളത്തിലെ പ്രധാന നദികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവ തിരിച്ചറിയുന്നു. | കേരളം - ഭൂപടവായന പ്രശ്നോത്തരി മത്സരം | 1 month | SS. club/SS Teach | — |
| | ജനാധിപത്യത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു. | സെമിനാർ - ജനാധിപത്യത്തിന്റെ സവിശേഷതകൾ | 1month | S.S. club/teacher. | — |
| | വിവിധ ഗതാഗത സംവിധാനങ്ങൾ തിരിച്ചറിയുന്നു. | പ്രദർശനം - വിവിധ വാഹനങ്ങളുടെ മാതൃകകൾ | 1 month | SS. club | [illegible] |
| | സൗരയൂഥത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു. | പതിപ്പ് തയ്യാറാക്കൽ സൗരയൂഥത്തിൽ എന്തെല്ലാം സവിശേഷതകൾ | 3 weeks | SS club/teacher. | |

# BASIC SCIENCE

UP

| | | | | |
|---|---|---|---|---|
| VII ആധുനിക ഇന്ത്യയിലെ വൈവിധ്യങ്ങളെ ഐക്യപ്പെടുത്തുന്നതിൽ ഭക്തി - സൂഫി പ്രസ്ഥാനത്തിന്റെ പങ്ക്. | ചർച്ച - സമന്വയ സംസ്കാരം ഉടലെടുക്കുന്നതിന് ഈ പ്രസ്ഥാനങ്ങളുടെ പങ്ക് | 1 week | SS tr. | |
| ഭരണഘടനകളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന് | സെമിനാർ | 1 month | SS teacher. | |
| ഭൂമിയുടെ ഘടനയും സവിശേഷതകളും തിരിച്ചറിയുന്നു. | ഇന്റർനെറ്റിന്റെ സഹായത്തോടെ slide നിർമാണം | 1 month | PTA SS teacher | |
| ഇന്ത്യൻ ഉപദ്വീപത്തിലെ വിവിധ രാജ്യങ്ങൾ തിരിച്ചറിയുന്നു. | ഇന്ത്യൻ ഉപദ്വീപം - വിവിധ രാജ്യങ്ങൾക്ക് നിറം നൽകി പേരുകൾ രേഖപ്പെടുത്തുന്നു. | 1 week | Social science Tr | ചിത്രം |
| ഇന്ത്യയിലെ പ്രധാന ചരിത്രസ്മാരകങ്ങൾ തിരിച്ചറിയുന്നു. | വായനാക്കാർഡ് നിർമാണം. | 1 week | SS teacher | |
| നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നടന്നുവരുന്ന കൃഷിരീതികൾ കണ്ടെത്തുന്നു. | വിവരണം തയ്യാറാക്കൽ | 2 weeks | SS teacher SS club | |
| വാർഡ്സഭയുടെ സവിശേഷതകൾ തിരിച്ചറിയുന്നു. | മാതൃകാ ക്ലാസ്സ് സഭ | 1 week | SS teacher | |
| വിദ്യാലയത്തിന്റെ രൂപരേഖ തയ്യാറാക്കി വിവരങ്ങൾ ചിത്രീകരിക്കുന്നു. | രൂപരേഖ തയ്യാറാക്കൽ | 3 weeks | SS teacher. | |

# BASIC SCIENCE

UP

V.

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | 1. കണ്ടറിയാനൊരു യാത്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം, പുഴയെ അറിയാൻ പ്രവർത്തനം. | ജൂലൈ | Science teacher | രക്ഷിതാക്കൾ |
| | പരീക്ഷണങ്ങൾ<br>ലഘുപരീക്ഷണം, പരീക്ഷണകിറ്റുകൾ നിർമാണം, പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ. | ജൂൺ മുതൽ | | |
| 2. ശാസ്ത്രീയ ശേഷി വർധിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്<br>ഗണിതക്ലബ്, ശാസ്ത്രക്ലബ് ഇവയുടെ നേതൃത്വത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു. | ജനുവരി മുതൽ | Science club<br>Science Teacher | |
| | എക്സ്പ്ലോ — എക്സ്പ്ലോർ<br>വിവിധ കണ്ടെത്തലുകൾ കോർത്തിണക്കിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ക്ലാസ് തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ,, | Science teacher. | Science club |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല വിഭജനം |
| --- | --- | --- | --- |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ICTയുടെ സഹായത്തോടെ പ്രചരിപ്പിക്കുന്നു. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞർ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ വീഡിയോ പ്രദർശനം. | ആഴ്ചയിൽ ഒരിക്കൽ | Science teacher. |
| മനുഷ്യന്റെ ആരോഗ്യത്തിൽ ഭക്ഷണത്തിനുള്ള പങ്ക് തിരിച്ചറിയുന്നു. | സെമിനാർ 'ഭക്ഷണവും ആരോഗ്യവും' റിപ്പോർട്ട് തയ്യാറാക്കൽ | 1 month. | Science teacher. |
| ശാസ്ത്രപ്രക്രിയാ ശേഷി വർധിപ്പിക്കുന്നു. | ശാസ്ത്ര വിസ്മയച്ചുമർ. ശാസ്ത്ര പാഠവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസ്സിലും നിർമിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | |
| | അഭിമുഖം ശാസ്ത്രമേഖലയിലെ പ്രമുഖരുമായി അഭിമുഖം നടത്തുന്നു. | 1 month. | |

UP. ഗണിതം ACADAMIC MASTER PLAN - MATHS

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിനിയോഗം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. | ഗണിതശില്പശാല കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, flash card... ഉപയോഗിക്കുന്നു | ജൂൺമാസം | ഗണിതാധ്യാപകർ | ഗണിത അധ്യാപകർ |
| 2. രസകരമായ ഗണിത ആസ്വാദനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല. ആസ്വാദനത്തിന് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കാനുള്ള പരിശീലനം നൽകൽ. നിർമി- വിവിധ രൂപങ്ങൾ നിർമിക്കൽ. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ/ പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | ഗണിതാധ്യാപകർ | |
| 3. ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം. | ഗണിതാധ്യാപകരും ഗണിതക്ലബ് അംഗങ്ങളും | |

42

| | | | | |
|---|---|---|---|---|
| 4. ഗണിത ശാസ്ത്ര ഉദ്യാനം ഗണിതപാർക്ക് | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു തവണ. | ഗണിതക്ലബ്ബ് | ഗണിത ക്ലബ്ബ്, PTA. |
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിതഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ നൽകാനും ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ. | ഗണിതാധ്യാപകർ, ക്ലബ്ബ് ലീഡർമാർ. | PTA- |
| 6. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗപ്പെടുത്തുന്നു. | IT സാധ്യത.<br>ജ്യാമിതീയ രൂപങ്ങൾ, ചാർട്ടുകൾ, ടാൻഗ്രാം, ഇരുപതു പ്രവർത്തനങ്ങൾ, IT സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ 1 തവണ. | ഗണിതാധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതക്ലിനിക്. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി അനുബന്ധമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധ്യാപകരും മുൻനിര കുട്ടികളും | |
| 8. വിവിധശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ തീരുമാനിക്കുന്നു. നിശ്ചിത ദിവസങ്ങളിൽ അവതരിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

# പ്രവർത്തന കലണ്ടർ

ജൂൺ 2 - പ്രവേശനോത്സവം, സ്റ്റാഫ് മീറ്റിങ്ങ്
ജൂൺ 3 - ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
4 - ഭക്ഷ്യസുരക്ഷ
5 - പരിസ്ഥിതി ദിനം
9 - ആരോഗ്യം
10 - വിരിയുന്ന അത്ഭുതം
11 - പൊന്തിളങ്ങുന്ന സന്ദർശനം
12 - പരിസരശുചീകരണം, റോഡ് സേഫ്റ്റി ക്ലാസ്
13 - SRG മീറ്റിങ്ങ്
19 - വായന ദിനം
21 - യോഗദിനം
26 - ലോക ലഹരി വിരുദ്ധ ദിനം
27 - സബ്ജക്റ്റ് കൗൺസിൽ മീറ്റിങ്ങ്
30 - റാബിസ് ബോധവൽക്കരണ ക്ലാസ്

ജൂലൈ 5 - ബഷീർ അനുസ്മരണ ദിനം
11 - ലോക ജനസംഖ്യ ദിനം
14 - മിഡ് ടേം പരീക്ഷ
18 - SRG മീറ്റിങ്ങ്
21 - ചാന്ദ്രദിനം
25 - സബ്ജക്റ്റ് കൗൺസിൽ മീറ്റിങ്ങ്
31 - സ്റ്റാഫ് മീറ്റിങ്ങ്

ആഗസ്റ്റ് 1 - SRG മീറ്റിംഗ്
6 - ഹിരോഷിമദിനം
8 - ക്വിറ്റ് ഇന്ത്യാദിനം
15 - സ്വാതന്ത്ര്യദിനം
16 - ഓണത്തോടനുബന്ധിച്ച് പരിശീലനം
20 - ഓണം പാഠ്യേതര പരിപാടി
22 - സബ്ജക്ട് കൗൺസിൽ മീറ്റിംഗ്
28 - സ്കൂൾതല ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത, പ്രവൃത്തിപരിചയ മേളകൾ

സെപ്റ്റംബർ 1 - ഉത്സവസംഗമദിനം
5 - അധ്യാപകദിനം
14 - ഹിന്ദിദിനം
16 - ഓസോൺ ദിനം
18 - ഫീൽഡ് വിസിറ്റ്
20 - SRG മീറ്റിംഗ്
27 - സബ്ജക്ട് കൗൺസിൽ
30 - സ്റ്റാഫ് മീറ്റിംഗ്

ഒക്ടോബർ 2 - ഗാന്ധിജയന്തി
15 - മാധ്യമിക പരിശീലനം
24 - യു.എൻ. ദിനം
25 - പഠനയാത്ര
30 - പഠനക്ലാസ്

നവംബർ 1 – കേരളപ്പിറവി ദിനം
14 – ശിശുദിനം
15 – ഹലോ ഇംഗ്ലീഷ്
17 – ഹിന്ദി പാഠം വിലയിരുത്തൽ
20 – ഗണിത പുരോഗതി വിലയിരുത്തൽ
25 – മലയാള പാഠം വിലയിരുത്തൽ

ഡിസംബർ 1 – ലോക എയ്ഡ്സ് ദിനം
10 – ലോക മനുഷ്യാവകാശ ദിനം
14 – ഊർജ്ജ സംരക്ഷണ ദിനം
15 – ശാസ്ത്ര പാഠം പുരോഗതി വിലയിരുത്തൽ
16 – പഠന പിന്നോക്കം നിൽക്കുന്ന കുട്ടി
കൾക്ക് പരിശീലനം

ജനുവരി 1 – പുതുവത്സര ദിനം
5 – പരിസര ശുചിത്വം വിലയിരുത്തൽ
6 – പഠനം ക്ലാസ് പഠന പിന്നോക്ക
നിലവാരമുള്ള വിദ്യാർത്ഥികൾക്ക് പരി
ശീലനം നടത്തുന്നു.
26 – റിപ്പബ്ലിക് ദിനം
27 – ഇംഗ്ലീഷ് പാഠം പുരോഗതി വില
യിരുത്തൽ

ഫെബ്രുവരി 1 – ഐ.ടി. പരിശീലനം

2 – ഐ.ടി. പരിശീലനം

5 – പഠനത്തിലവരെ മെച്ചപ്പെടുത്തൽ (ഹിന്ദി, ഇംഗ്ലീഷ്, മലയാളം, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം)

15 – വാർഷിക പരീക്ഷ പരിശീലനം

20 – ക്ലബ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

25 – SRG മീറ്റിംഗ്

മാർച്ച് – S.S.L.C. പരീക്ഷ

– വാർഷിക പരീക്ഷ

# മോണിറ്ററിംഗ്

മോണിറ്ററിംഗിന്റെ മേൽനോട്ടം
വഹിക്കുന്നത് പ്രധാന അധ്യാപികയാണ്. എല്ലാ
മാസവും ഒന്നും മൂന്നും വെള്ളിയാഴ്ചയിൽ
SRG യോഗം പ്രധാനാധ്യാപികയുടെ നേതൃത്വ
ത്തിൽ കൂടാറുണ്ട്. രണ്ടും നാലും വെള്ളിയാഴ്ചക
ളിൽ സബ്ജക്ട് കൗൺസിൽ കൂടുകയും
ചർച്ച നടത്തി കൂടിച്ചേർന്ന്, പഠിപ്പിക്കൽ
പ്ലാനില ഉറപ്പുവരുത്തുന്നു. എല്ലാ ക്ലാസ്
മുറികളും ഹൈടെക് സംവിധാനത്തെ ഉപയോ
ഗിച്ചു കൊണ്ടുള്ള പഠനബോധനം
സ്കൂൾ SITC യുടെ നേതൃത്വത്തിലും നില
നിരീക്ഷണം ചെയ്യുന്നു

## ഉപസംഹാരം

വിശദ വിശകലനത്തോടെ വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. [illegible] ഞങ്ങളുടെ സ്കൂളും പരിസരവും ഇവിടുത്തെ അധ്യാപകരിലും മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനും നല്ല വായന,നല്ല പഠനം,നല്ല ജീവിതം എന്ന ലക്ഷ്യം കൈവരിക്കുവാനും അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഞങ്ങളുടെ വിദ്യാലയത്തിലും സാക്ഷാത്കരിക്കാനും അക്കാദമിക മാസ്റ്റർ പ്ലാനിന് സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**നന്ദി**